**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 136** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>വിഴിഞ്ഞം തുറമുഖ വികസനത്തിന് അനുബന്ധമായി വെയർഹൗസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** വിഴിഞ്ഞം തുറമുഖം പ്രവർത്തനസജ്ജമായതിന് ശേഷവും തുറമുഖത്തിന് സമീപപ്രദേശങ്ങളിൽ വെയർഹൗസ് സംവിധാനങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട് വിഴിഞ്ഞം തുറമുഖത്തിന്റെ സമീപ പ്രദേശങ്ങളിലെ വെയർഹൗസ് സംവിധാനങ്ങളുടെ പരിമിതി പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

- കെ.എസ്.ഐ.ഇ. (KSIE) മുഖേന വിഴിഞ്ഞത്ത് ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ (CFS) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- 'മിഷൻ സമുദ്ര'യുടെ ഭാഗമായി, സ്വകാര്യ പങ്കാളിത്തത്തോടെ അനുബന്ധ സൗകര്യങ്ങളായ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകൾ (CFS), കാലി കണ്ടെയ്നർ യാർഡുകൾ, വെയർഹൗസുകൾ എന്നിവയിലെ നിലവിലുള്ള കുറവ് പരിഹരിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.
- ലോജിസ്റ്റിക്സ് ആവശ്യങ്ങൾക്കായി ഏകദേശം 930 ഏക്കർ ഭൂമി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL) ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 230 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
- ലോജിസ്റ്റിക്സ് ഓപ്പറേറ്റർമാർ, CFS, വെയർഹൗസ് നിക്ഷേപകർ, ഷിപ്പിംഗ് ലൈനുകൾ എന്നിവരുമായി VISL ചർച്ചകൾ നടത്തിവരുന്നു

**(ബി)** മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് തിരുവനന്തപുരം ജില്ലയിൽ വെയർഹൗസ് സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള വാടക നിരക്ക് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി സർക്കാർ നേരിട്ട് ഭൂമി ഏറ്റെടുത്ത് വെയർ ഹൗസുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷന്റെ അനുബന്ധ സേവനങ്ങൾക്കായി ware house സംവിധാനം, logistics park അടക്കമുള്ള ഒരു ബൃഹത്തായ പദ്ധതിയ്ക്ക് കെ. എസ്. ഐ. ഇ. തുടക്കം കുറിച്ചിട്ടുണ്ട്. ഭൂമിയുടെ ഉയർന്ന വിലയും സംഭരണ സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് വാടക നിരക്ക് കൂടുന്നതിനുള്ള

പ്രധാന കാരണങ്ങളായി വിലയിരുത്തപ്പെടുന്നത്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

<u>ഭൂമി ലഭ്യമാക്കൽ:</u> ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യ വികസനത്തിനായി പ്രത്യേകം ഉപയോഗപ്പെടുത്താവുന്ന ഭൂമി കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനുമായി സജീവമായി നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ലീസ് നിരക്കിൽ സബ്സിഡി നൽകൽ:</u> ഭൂമിയുടെ ഉയർന്ന വില മൂലമുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനായി സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ സ്വകാര്യ ഡെവലപ്പർമാർക്ക് താങ്ങാനാവുന്ന നിരക്കിൽ ഭൂമി ലീസിന് നൽകാനും, പ്രാദേശിക ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കാനും സാധിക്കും.

**(സി)** വെയർ ഹൗസുകളുടെ വാടക നിരക്ക് നിയന്ത്രിക്കുന്നതിനായി സർക്കാർ ഒരു സ്റ്റാൻഡേർഡ് നിരക്ക് നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സ്വകാര്യ മേഖലയിലെ വെയർഹൗസുകളുടെ വാടക നിരക്ക് വിപണി സാഹചര്യങ്ങൾക്കനുസരിച്ച് വെയർഹൗസ് ഉടമയും ഉപയോക്താവും തമ്മിൽ പരസ്പരം ധാരണയിലെത്തുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. ഇത്തരം വാടക നിരക്കുകൾ നിയന്ത്രിക്കുന്നതിനായി ഏകീകൃത നിരക്ക് നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

**(ഡി)** വിഴിഞ്ഞം തുറമുഖ വികസനത്തിന്റെ ഭാഗമായി സർക്കാരിന്റെ നേതൃത്വത്തിൽ ഒരു വെയർഹൗസ് പാർക്ക് അല്ലെങ്കിൽ വെയർ ഹൗസ് ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിഴിഞ്ഞം തുറമുഖവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ലോജിസ്റ്റിക്സ്/വെയർഹൗസ് പാർക്ക്, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ (CFS), കാലി കണ്ടെയ്നർ യാർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനങ്ങൾ (Feasibility Studies), വിശദമായ പദ്ധതി റിപ്പോർട്ടുകൾ (DPR), മാസ്റ്റർ പ്ലാനുകൾ എന്നിവ യഥാസമയം തയ്യാറാക്കുന്നതാണ്.

ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോൺ (FTWZ), കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകൾ (CFS), കാലി കണ്ടെയ്നർ യാർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനായി താൽപര്യമുള്ള നിക്ഷേപകരിൽ നിന്നും ഡെവലപ്പർമാരിൽ നിന്നും താൽപര്യപത്രം (Expression of Interest – EoI) ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷന്റെ അനുബന്ധ സേവനങ്ങൾക്കായി ware house സംവിധാനം, logistics park അടക്കമുള്ള ഒരു ബൃഹത്തായ പദ്ധതിയ്ക്ക് കെ. എസ്. ഐ. ഇ. തുടക്കം കുറിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**